# ഗവ.ഹൈസ്കൂൾ, പന്നിപ്പാറ



little KITEs


# ഇ-എഴുത്ത്


little
KITEs

# ആമുഖം

ഒരു ലിറ്റിൽ കൈറ്റ്സ് സംരംഭം

അനുദിനം വളർന്നു കൊണ്ടിരിക്കുന്ന സാങ്കേതികവിദ്യയുടെ പുതിയ സാഹചര്യങ്ങൾക്ക് അനുസരിച്ച് ക്ലാസ്മുറികളും ഹൈടെക്ക് ആയികഴിഞ്ഞു.നമ്മുടെ ക്ലാസ് മുറികൾ സാങ്കേതികവിദ്യാ സൗഹൃദങ്ങളായി മാറികൊണ്ടിരിക്കുകയാണ്. നൂതന സങ്കേതങ്ങളുടെയും ഉപകരണങ്ങളുടെയുമൊക്കെ കടന്നവരവ് കുട്ടികളിലെ അറിവ് നിർമാണപ്രക്രിയക്ക് അനുഗുണമായ രീതിയിൽ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഈ പ്രാധാന്യം ഉൾക്കൊണ്ട് ക്കൊണ്ടുള്ള പഠന- ബോധന -മൂല്യനിർണയതന്ത്രങ്ങൾ രൂപപ്പെടുത്തലും ഇന്ന് അനിവാര്യമാണ്. അറിവ് മറ്റൊരാളിൽ നിന്ന് പകർന്നുകിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസരംഗത്ത് തെല്ലൊന്നുമല്ല മാറ്റിമറിച്ചത്. ഇതിന്റെ ഫലമായി പാഠപുസ്തകങ്ങളിൽ നിന്നുംകിട്ടുന്ന കേവലമായ അറിവുകൾക്ക് അപ്പുറം വിവരവിനിമയസാങ്കേതികരംഗത്ത്, കുട്ടികൾ കൂടുതൽ സജീവവും സമ്പൂർണ്ണവുമായ പങ്കാളിത്തോടെയുള്ള "ലിറ്റിൽ കൈറ്റ്സ് "എന്ന കുട്ടികളുടെ ഐ.ടി.കൂട്ടായ്മ, ഹൈടെക് പദ്ധതിയിലൂടെ വിദ്യാലയങ്ങളിൽ നിന്ന് കുട്ടികൾക്ക് കിട്ടുന്നത് . ഈപദ്ധതിയിലൂടെ കുട്ടികൾ തന്റെ കഴിവുകൾ പുറത്തെടുക്കുവാനും കഴിയുന്നു. ഇതിന്റെഭാഗമായി കുട്ടികൾതയ്യാറാക്കിയ **"ഇ–എഴുത്ത്"** ന്റെ വിവിധ താളുകളിലൂടെ കണ്ണോടിക്കാം.



# ഉള്ളടക്കം

ആമുഖം.....1
പിന്നിട്ട നാള്വഴികളിലൂടെ യൂനുസ് 9 A.....3
മനുഷ്യർ ഒന്ന് ലോകം ഒന്ന്.....6
വൃത്തിയാക്കുക പരിസരം.....7
ആകാശം.....8
മുത്തശ്ശി.....10
കേരളം.....11
ഓർമ്മകൾ മാത്രമായി.....14
സൈബര് സുരക്ഷ.....15
ചലനം.....17
പുലരി പൂക്കുമ്പോള്.....18
ഗാന്ധിജി.....20
ഐലൻ ആസിഫാ നിങ്ങൾക്ക് വേണ്ടി ഒരായിരം തവണ.....22
സുന്ദരമായൊരു പൂന്തോട്ടം.....23
കേരളം.....23
തേന്മാവ്.....25
.....26
ഒരു വിദ്യാർത്ഥിയുടെ പ്രധാന ലക്ഷ്യം പഠനമാണ്.....26
.....27
നവ കേരളം.....27
ഒരു യാത്ര.....28
മുഞ്ചാസനും പഞ്ചാരകുഞ്ചുവും.....30
ഓർമ്മകൾ മാത്രമായ്.....31
നോബേൽ സമ്മാനവും ഗാന്ധിജിയും.....32
കാഴ്ചകൾ!.....35
അപ്പൂപ്പൻതാടി.....36
ഹരിത മോഹനം.....37
പുലരി പൂക്കുമ്പോള്.....38
മനുഷ്യർ ഒന്ന് ലോകം ഒന്ന്.....42
ജാലിയൻവാലാബാഗും വെടിയുണ്ടയും.....42
മൂരിക്കുട്ടമ്മാരുടെ സഞ്ചാരം.....43


ഗവ:ഹൈസ്ക്കൂൾ പന്നിപ്പാറ.
ഗവ:ഹൈസ്ക്കൂൾ പന്നിപ്പാറ.

യൂനുസ് - 9 A

# പിന്നിട്ട നാൾവഴികളിലൂടെ

ബ്രിട്ടീഷ് കാലഘട്ടത്തിൽ മുസ്ലിം വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി മാപ്പിള സ്കൂളുകൾ മലപ്പുറത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ച കാലഘട്ടത്തിൽ തന്നെയാണ് ഈ വിദ്യാലത്തിന്റെ തുടക്കവും. ജനറൽ സ്കൂളുകൾ അക്കാലത്ത് മാപ്പിളമാർ ചേരാത്ത സ്കൂളുകളായിരിന്നു. ബ്രിട്ടീഷുകാരുടെ ഭിന്നിപ്പിച്ച് ഭരിക്കുക എന്ന നയത്തിന്റെ പ്രതിഫലമെന്നോണം നമ്മുടെ ഗ്രാമത്തിലും ജനങ്ങൾ ചേരിതിരിഞ്ഞ് സ്കൂളിൽ പോകാൻതുടങ്ങി എന്നു വേണമെങ്കിൽ പറയാം...അതിന്റെ ബാക്കി പാത്രമെന്നോളമാണ് മലബാർഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ബോർഡ് മാപ്പിള എലിമെന്ററി സ്കൂൾ എന്ന പേരിൽ 1924 ൽ വാണിയമ്പലത്ത് ഒരു വിദ്യാലയം സ്ഥാപിക്കുന്നത്...അതായിരുന്നു നമ്മുടെ വിദ്യാലയത്തിന്റെ തുടക്കം.

ഈ എലിമെന്ററി സ്കൂൾ താൽക്കാലികമായി പ്രവർത്തനം നിർത്തി വെച്ചു. തുടർന്ന് 1932 ൽ അന്നത്തെ പ്രമുഖനായിരുന്ന പരേതനായ പി.വി അഹമ്മദ് കുട്ടി ഹാജിയുടെ പ്രവർത്തന ഫലമായി തുവ്വക്കാട് ബോർഡ് എലമെന്ററി സ്കൂൾ എന്ന പേരിൽ പന്നിപ്പാറയിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.അദ്ദേഹത്തിന്റെ രണ്ടാമത്തെ മകൻ പി.വി കുഞ്ഞുമുഹമ്മദ് എന്ന കുട്ടിക്ക് പ്രവേശനം നൽകി കൊണ്ടാണ് സ്കൂളിന് തുടക്കം കുറിച്ചത്.

നല്ല രീതിയിൽ പ്രവർത്തനം തുടർന്ന സ്കൂളിന്റെ പ്രധാനധ്യാപകനായി സേവനമനുഷ്ഠിച്ച കോട്ടക്കൽ മൊയിൻ കുട്ടി മാസ്റ്റർ,മുതുവല്ലൂർ ബാലകൃഷ്ണൻ മാസ്റ്റർ, അരീക്കോട് മുഹമ്മദലി മാസ്റ്റർ,പി.ടി വേലു മാസ്റ്റർ, മലപ്പുറം മുഹമ്മദാലി മാസ്റ്റർ എന്നിവരെ ഈ യവസരത്തിൽ നന്ദിയോടേ സ്മരിക്കുന്നു.

ബോർഡുകളുടെ കീഴിലുള്ള സ്കൂളുകൾ ഗവൺമന്റ് ഏറ്റെടുത്തതോടെ ഗവൺമന്റ് മാപ്പിള എൽ.പി സ്കൂൾ തുവ്വക്കാടായി ഈ സ്ഥാപനം മാറി.സ്കൂൾ വെൽഫയർകമ്മിറ്റിയുടെ ശുപാർശ പ്രകാരം 1967 ൽ കുഞ്ഞാലൻ കുട്ടി മാസ്റ്റർ പ്രധാനധ്യാകനായി ചുമതലയേറ്റു.ഈ സ്കൂൾ വെൽഫയർകമ്മിറ്റി പ്രസിഡണ്ട്സ്ഥാനം വഹിച്ചിരുന്നത് എടവണ്ണ പഞ്ചായത്ത് പ്രസിഡന്റ് കൂടിയായ പരേതനായ അലവിക്കുട്ടി സാഹിബായിരുന്നു. ഈ അവസരത്തിലാണ് സ്കൂൾ പ്രവർത്തനം ദാറുൽഉലൂം മദ്രസയിലേക്ക് മാറ്റിയത്. വെൽഫയർകമ്മിറ്റിയുടെ ശ്രമഫലമായി പി.കെ മമ്മദാജിയിൽനിന്നും പ്രതിഫലമില്ലാതെ 50 സെന്റ് സ്ഥലം ഗവൺമന്റിന് നൽകുകയും അതിന്റെ ഫലമായി 7 ക്ലാസ്സ് മുറികളുള്ള സർക്കാർ കെട്ടിടം എൽ.പി സ്കൂളിന് ലഭിക്കുകയുണ്ടായി.ജനങ്ങളുടെ കൂട്ടായ പങ്കാളിത്തത്തോടെയുള്ള ഒരു പരേതനായ പി സീതിഹാജിയുടെഅധ്യക്ഷതയിൽ ആഭ്യന്തര-വിദ്യാഭ്യാസ മന്ത്രിയായിരുന്ന പരേതനായ സി.എച്ച് മുഹമ്മദ്കോയ സാഹിബാണ് ഉദ്ഘാടന കർമ്മം നടത്തിയത്.

സ്കൂളിന്റെ അപ്ഗ്രേഡിനു വേണ്ടി വെൽഫയർ കമ്മിറ്റിയുടെ അശ്രാന്ത പരിശ്രമത്തിലൂടെ ഒന്നര ഏക്കർ സ്ഥലം പി.കെ മമ്മദ് ഹാജിയിൽ നിന്നും വിലക്കെടുക്കുകയും സർക്കാർ നിർദ്ദേശമനുസരിച്ച് കെട്ടിടവും ആവശ്യമായ ഫർണിച്ചർ എന്നിവ നിർമ്മിച്ച് നൽകുകയും ചെയ്തു. സ്കൂൾ വെൽഫയർകമ്മിറ്റിയുടെയും അധ്യാപകരുടെയും ജനങ്ങളുടെയും കൂട്ടായ്മയും കഠിനാധ്വാനവും കൂടിയാണ് ഇതിന്റെ വിജയത്തിനു കാരണമായത്. 1974 ലാണ് ഈ വിദ്യാലയം യു.പി സ്കൂളായി അപ്ഗ്രേഡ് ചെയ്യപ്പെട്ടത്. യു.പി സ്കൂളായി ഉയർന്നതോടെ കുട്ടികളുടെ എണ്ണം ഏഴിരട്ടിയായി വർദ്ധിച്ച് 800 ൽ പരമായി ഉയർന്നു. എന്നാൽ ആവശ്യമായ ക്ലാസ്സ് മുറി ഇല്ലാത്തതിനാൽ ഏതാനും ക്ലാസുകൾ
മദ്രസ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്.

1974 ന് ശേഷം ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി പ്രകാരം രണ്ട് ക്ലസ്സ് മുറികൾ സ്ക്കൂളിന് ലഭിച്ചു.ഇതിന്റെ ചിലവിലേക്ക് 25% തുക നാട്ടുകാരിൽ നിന്നും സ്വരൂപിച്ചാണ് കെട്ടിടം പണി പൂർത്തിയാക്കിത്. തുടർന്ന് ഡി.പി ഇപി മുഖാന്തിരം രണ്ട് ക്ലാസ് മുറികൾ ലഭിക്കുകണ്ടായി.

യു.പി സ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിനും അതിന്റെ ഭാഗമായി ഇപ്പോൾ ഓഫീസ് സ്ഥിതിചെയ്യുന്ന പ്രധാന കെട്ടിടവും ഭൗതിക സാഹചര്യവും ഒരുക്കുന്നതിന് നാട്ടുകാരെ സംഘടിപ്പിച്ച് നേതൃത്ത്വപരമായ പ്രവർത്തനം നടത്തിയ മഹത് വ്യക്തിത്വമാണ് കുഞ്ഞാലൻ കുട്ടി മാസ്റ്ററുടേത്.പൂർവ്വ വിദ്യാർത്ഥികളുടെയും നാട്ടുകാരുടെയും മനസ്സിൽ മായാത്ത ഒരു സ്ഥാനം അദ്ദേഹത്തിന് ഇന്നുമുണ്ട്. അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച കർമ്മ നിരതരായ സഹധ്യാപകരിൽ മണി മാസ്റ്റർ, മജീദ് മാസ്റ്റർ, കുഞ്ഞിക്കണ്ണൻ മാസ്റ്റർ, മത്തായി മാസ്റ്റർ, കുറുപ്പ് മാസ്റ്റർ എന്നിവരെയും തികഞ്ഞ കൃതജ്ഞതയോടെ ഓർക്കേണ്ടതുണ്ട്. 1996 ഏപ്രിൽ മാസത്തിൽ 21 വർഷത്തെ സേവനത്തിനു ശേഷം ശ്രീ കുഞ്ഞാലൻ കുട്ടി മാസ്റ്റർ റിട്ടേയർ ചെയ്തു. തുടർന്ന് ശ്രീ രാമകൃഷ്ണൻ ,ശ്രീ പ്രഭാകരൻ,ശ്രീ പ്രഫുല്ല ചന്ദ്രൻ,ശ്രീ ബാലകൃഷ്ണൻ എന്നിവർ ഹെഡ് മാസ്റ്ററായി വിവധ കാലഘട്ടങ്ങളിൽ ചുമതലയേറ്റു.

ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിച്ച രണ്ട് ക്ലാസ്സ് മുറികൾ, ചുമതലയേറ്റതിന്റെ പ്രാരംഭ പ്രവർത്തനം,സ്കൂൾ വൈദ്യുതീകരിക്കൽ,ഫോൺ സൗകര്യം എന്നിവ പ്രഫുല്ല ചന്ദ്രൻ മാസ്റ്ററുടെ കാലഘട്ടത്തിൽ എടുത്തു പറയേണ്ട നേട്ടങ്ങളാണ്. എസ്.എസ്.എയുടെ രണ്ട് ക്ലാസ്സ് മുറികളും എഡ്യുസാറ്റിന്റെ ഒരു ടിവി സെറ്റും ബാലകൃഷ്ണൻ മാഷിന്റെ കാലഘട്ടത്തിൽ നമ്മുടെ വിദ്യാലയത്തിന് ലഭിച്ചു.ഈ കാലഘട്ടങ്ങളിൽ പി.ടി.എ പ്രസിഡന്റായി പ്രവർത്തിച്ചിരുന്ന ഇ.കെ മമ്മദ് കുട്ടിയുടെ നിസ്വാർത്ഥമായ നേതൃത്വവും എടുത്തു പറയേണ്ടതത്രേയാണ്.

ഈ നാടിന്റെ വികസനത്തോടൊപ്പം നമ്മുടെ വിദ്യാലയവും നടന്നു. സമൂഹത്തിന്റെ വളർച്ചയിലും വികാസത്തിലും വിദ്യാലയങ്ങൾക്കുള്ള പങ്ക് നിസ്തുലമാണ്.ഈ നാട്ടിലെ തലമുറകൾക്ക് വഴികാട്ടിയായി നിറവെളിച്ചം ചൊരിഞ്ഞു നിലിക്കുകയാണ് ഇന്ന് നമ്മുടെ വിദ്യാലയം. ഇതിന്റെ വളർച്ചയിൽ നേതൃത്വം നൽകിയ മഹാന്മാർ പലരും മൺമറഞ്ഞു കഴിഞ്ഞു. സി.എച്ച് മുഹമ്മദ്കോയ,സീതി ഹാജി, അവുക്കാദർ,കുട്ടിനഹ പി.വി അലവിക്കുട്ടി സാഹിബ്,പി.കെ മമ്മദ് ഹാജി,കുട്ടശ്ശേരി ഉണ്ണി മമ്മദ് ഹാജി,കല്ലൻ മൂസാക്ക,കൃഷ്ണൻ വൈദ്യർ,പി.കെ വീരാൻ ഹാജി,പി.കെ അബൂക്ക,കെ.ടി അലവിഹാജി,ആലങ്ങാടൻ മൊയ്തീൻ കുട്ടി ഹാജി,പി.കെ സുൽത്താൻ ഹാജി തുടങ്ങി ഒട്ടേറെ പേരുകൾ ഓർമ്മയിൽ തിളങ്ങി നിൽക്കുന്നു.

2006 ജൂൺ 5 ന് അന്നത്തെ പ്രധാനധ്യാപകൻ ശ്രീ പിഒ ഡേവിസ്ചാർജ്ജെടുത്തു. മാഷിന്റെ വരവോടു കൂടി പലരംഗങ്ങളിലും ഒരു പുത്തനുണർവ്വ് ദർശിക്കാൻ കഴിഞ്ഞു. കുട്ടികളുടെ പഠനനിലവാരമുയർത്താൻ വൈവിധ്യങ്ങളായ ലക്ഷ്യ ബോധത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. എൽ.എസ്.എസ് യു.എസ്.എസ് എന്നിവയിൽ ചിട്ടയായ പരിശീലനം നൽകി കൊണ്ട് എല്ലാവർഷവും വിജയമുണ്ടാക്കാൻ കഴിഞ്ഞു. ഭൗതിക സാഹചര്യം ഇല്ലാത്തത് കൊണ്ട് വീർപ്പുമുട്ടിയ നമ്മുടെ വിദ്യാലയത്തിന് എടവണ്ണ പഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും പത്തു ലക്ഷം രൂപ വാങ്ങിയെടുത്തു. നാല് ക്ലാസ്സ് മുറികൾ നിർമ്മിച്ചത് ഈ കാലഘട്ടങ്ങളിലാണ്.
കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി 3.5 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതി. 3 ലക്ഷം രൂപയുടെ ഫർണിച്ചർ സൗകര്യമൊരുക്കൽ.ക്ലാസ്സ് മുറികൾ ടൈൽ ചെയ്യൽ, മഴ വെള്ള സംഭരണ പദ്ധതി തുടങ്ങയവയെല്ലാം മാഷിന്റെ നേതൃത്വ പാഠത്തിനു ചില ഉദാഹരണങ്ങൾ മാത്രം.

ഡേവിസ് മാഷ് ചുമതലയേൽക്കുമ്പോൾ ഒരൊറ്റ കംമ്പ്യൂട്ടർ പോലുമില്ലായിരുന്ന നമ്മുടെ സ്കൂളിൽ മുപ്പതോളം കംമ്പ്യൂട്ടറുകൾ എൽ.ഡി.സി പ്രൊജക്ടറുകൾ, ലാപ്ടോപ്പുകൾ, മുഴുവൻ കുട്ടികൾക്കും കംമ്പ്യൂട്ടർ പഠനം , വിപുലമായ ഐ.ടി ലാബ് സൗകര്യം ഇതെല്ലാമുണ്ട്. അക്കാദമിക് നേട്ടത്തോടൊപ്പം തന്നെ പഠനയാത്രകൾ വിദ്യാലയത്തിന്റെ ഭാഗമാക്കി മാറ്റിയതിൽ അദ്ദേഹം നിർണ്ണായക പങ്കുവഹിച്ചു.മാതൃകാപരമായ ദിനാചരണ പരിപാടികൾ നാടിന്റെ ഉത്സവമാക്കി മാറ്റാൻ
അദ്ദേഹത്തിന് കഴിഞ്ഞു.

വിദ്യാലയത്തിന്റെ ഒരു പതിറ്റാണ്ടിലേറെ കാലത്തിനു ശേഷം തുടർച്ചയായി ഈ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ അറബി,ജനറൽ സബ് ജില്ലാതല കലാ മേളകളിൽ ഓവറോൾ കിരീടം നേടിയെടുക്കാൻ നമുക്കായി.ഈ വർഷത്തെ നേട്ടത്തിന് ഇരട്ടി മധുരം ഉണ്ട്.

നാടു മുഴുവൻ കാത്തിരുന്ന ഹൈസ്കൂൾ എന്ന സ്വപ്നം യാഥാർത്യമായത് 2013–14 അധ്യയന വർഷത്തിലായിരുന്നു. ഇതിനു വേണ്ടി നാട്ടുകാർക്കൊപ്പം അഹോരാത്രം യത്നിച്ച കർമ്മോത്സുത വെളിപ്പെടുത്താൻ അദ്ദേഹത്തിന് സാധിച്ചു. ഹൈസ്കൂൾ ക്ലാസ്സ് മുറിക്കായി ഏകദേശം പത്തുലകഷം രൂപ നാട്ടുകാരിൽ നിന്ന് സമാഹരിച്ച നാല് ക്ലാസ്സ് മുറികൾ നിർമ്മിക്കാൻ ഇക്കാലയളവിൽ നമുക്ക് സാധിച്ചു.സാമൂഹ്യ വിരുദ്ധരുടെ ശല്യങ്ങൾ ഒഴിവാക്കാൻ ചുറ്റുമതിലും ഗേറ്റും നിർമ്മിച്ചു.വിദ്യാർത്ഥി സൗഹൃതക്കൂട്ടായ്മക്കായി അത്തിമരച്ചുവട്ടും ഇരിപ്പിടവും സ്കൂൾ അങ്കണത്തിനു മാറ്റേകി..സ്കൂൾ വാർഷികങ്ങൾ,സഹവാസ ക്യാമ്പുകൾ,വിജയഭേരി ക്ലാസുകളും ക്യാമ്പസുകളുമെല്ലാം ഇപ്പോൾ വിദ്യാലയത്തിന്റെ ശീലമായി മാറ്റിയിരിക്കുന്നു.സമൂഹത്തെ വിദ്യാലയത്തോടടുപ്പിക്കാൻ,കൂട്ടായ്മയുടെ പാഠങ്ങൾ ഉൾകൊണ്ട് മുന്നേറാനുമായി ഒരുപിടി നല്ല പ്രവർത്തനങ്ങൾ ഇക്കാലയളവിൽ വിദ്യാലയം ഏറ്റെടുത്തു നടത്തി.

അതിന് ശേഷം ഈവിദ്യാലയത്തിൽ ഒരു പാട് പ്രാധനദ്ധ്യാപകർ വന്നുപോയി. ഇസ്മായിൻ ഷെരീഫ് മാഷ് , സാജിദ് മാഷ് , ചന്ദ്രൻ മാഷ് , ഒ സി മുഹമ്മദ് മാഷ്, ഇന്നത്തെ എച്ചം ആയ ബേബി സഫീന ടീച്ചർ വരെ. ഇന്ന് ഈ സ്കൂൾ ഒരു പാട് പുരോഗതിയിൽ നിൽക്കുന്നു. എൽ പിക്ക് 9 ക്ലാസ്മുറികളും, യു പി ക്ക് 14 ക്ലാസ് മുറികളും, ഹൈസ്ക്കുളിന്1 1 1

ക്ലാസ്മുറികളും ഉണ്ട്. അതിൽ 10 ഹൈടെക് റൂമുകൾ ഹൈസ്ക്കുളിനുണ്ട്. വലിയൊരു സ്റ്റാഫ് റൂമും, ഓഫീസ് റൂമും ഇന്നുണ്ട്. ഹൈസ്കൂളിന് ഒരു ഐ ടി ലാബും , യുപിക്ക് ഐ ടി ലാബും ഉണ്ട്. വിശാലമായ ലൈബ്രറിയും സ്കൂളിനു സ്വന്തമായുണ്ട്. ഞങ്ങളുടെ സ്കൂളിന്റെ പോരയ്മയായി കാണുന്നത് , ആയിരം കുട്ടികൾക്ക് ഇടവേളകൾ ആന്ദമാകുന്നതിന് ഒരു ഇടം ആവശ്യമാണ്. അത് അടുത്തായി ശരിയാവും എന്ന പ്രതീക്ഷയിലാണ് ഇവിടുത്തെ കുരുന്നുകളായ ഞങ്ങൾ.

# ഞങ്ങളുടെ പ്രധാനദ്ധ്യാപകർ



ഇസ്മായിൽ ഷെരീഫ് മാസ്റ്റർ
(2013–2 മുതൽ 2013–6 വരെ)



സാജിദ് മാസ്റ്റർ
(2013–7 മുതൽ2018–3 വരെ)



ചന്ദ്രൻ മാസ്റ്റർ
(2014– 2016 വരെ UP, LP)



ഒ സി മുഹമ്മദ് മാസ്റ്റർ
(2018–6 മുതൽ 2019 മാർച്ച് വരെ)



ബേബി സഫീന ടീച്ചർ
(2019–6 മുതൽ)



ഡേവിസ്

# Littile Kites



G H S Pannippara
2017-18  Littile Kites Members

# Littile Kites



G H S Pannippara
2019-20 Little Kites Members

# മനുഷ്യർ ഒന്ന്  ലോകം ഒന്ന്

ലോകത്ത് ഒരുപാട് രാജ്യങ്ങളില്ലേ?

അവിടെയെല്ലാം മനുഷ്യരുണ്ട്.
പല ഭാഷക്കാർ ,പല വേഷക്കാർ
അവരെ ഉയർന്നവരെന്നും
താഴന്നവരെന്നും വേർതിരിക്കണോ?
വേണ്ട,എല്ലാ മനുഷ്യരും തുല്യരാണ്.
അതിൽ പല മത വിശ്വാസികളില്ലേ?
ഉണ്ട്.
എന്നാൽ,
എല്ലാ മതക്കാരും തല്യർ.

ദിയാ ഫാത്തിമ
9 A



# വൃത്തിയാക്കുക പരിസരം

പരിസരം വൃത്തിയാക്കിയാൽ എന്താണ ഗുണം?.
നമ്മുക്ക് ആരോഗ്യവും സന്തോഷവും കിട്ടും.
അപ്പോൾ പരിസരവും , വീടും, വിദ്യാലയവും, നാടും, നടവഴിയും വൃത്തിയാക്കണം. പരിസരം വൃത്തിയില്ലങ്കിൽ അന്തരീക്ഷം മലിനമാകും , രോഗങ്ങൾ വർധിക്കും. അപ്പോൾ വൃത്തിയുണ്ടങ്ങിൽ ആരോഗ്യമുള്ള ജനങ്ങളെ വാർത്തെടുക്കാൻ പറ്റു


ഹിനാഷെറിൻ
ഒമ്പത് -എ.

# ആകാശം



ആകാശത്തിൽ പാളികൾ

കരണ്ടുനോക്കിയെന്നാൽ കാണാം
അതിനപ്പുറത്തിന്ന്
വാതിൽപ്പലകയും
പാഴ്ത്തുണിക്കഷ്ണവും
നുറുക്കുന്ന പോലെ
ആകാശത്തിൻ പാളികൾ
കരണ്ടുനോക്കുവാൻ
എൻ മനസ്സിലുണ്ട് പണ്ടേ മോഹം
ആകാശത്തിൻ അപ്പുറമെന്തായിരിക്കും
കുരിരുട്ടുള്ള രാത്രിയിൽ
അതിനുത്തരം കാണാൻ ശ്രമിക്കുന്നു ഞങ്ങൾ.





## 2020-21
## Littile Kite members



# മുത്തശ്ശി

ഇല്ലത്തുണ്ടൊരു മുത്തശ്ശി
വടിയുംകുത്തി നടക്കുന്ന
പല്ലില്ലാത്തൊരു മുത്തശ്ശി
പാവം പാവം മുത്തശ്ശി
കണ്ണിനു കാഴ്ച കുറവാണെ
നരവീണുള്ളൊരു മുടിയാണെ
കഥകൾ ഒത്തിരി അറിയാമേ
കുട്ടികൾക്കെല്ലാം ഇഷ്ടാണെ

റഷ കെ
ഒന്നാം ക്ലാസ്




# കേരളം

1956 നവംബർ ഒന്നിന് കേരളം എന്ന കൊച്ചു സംസ്ഥാനം നിലവിൽ വന്നു.അന്ന് 5 ജില്ലകൾ മാത്രമായിരുന്നു ഉണ്ടായിരുന്നു.എന്നാൽ ഇന്ന് അത് 14ജില്ലകളായിമാറി.

കേരളംവളരെസുന്ദരവുംമനോഹരവുംനിറഞ്ഞതാണ്.ദൈവത്തിന്റസ്വന്തംനാട് എന്നാണ്കേരളംഅറിയപ്പെടുന്നത്.നാളികേരംനിറഞ്ഞു നിൽക്കുന്ന മനോഹരമായ നാടാണ് നമ്മുടെ കൊച്ചു കേരളം.നദികളും ,പുഴകളും ,അരുവികളും കൊണ്ട് വിസ്മയവും നിറഞ്ഞതാണ് നമ്മുടെ കേരളം.

റസൽ

എട്ടാം ക്ലാസ്

## ക്ലബ് പ്രവർത്തനോത്ഘാടനം -

## ശ്രീ രമേശ് കാവിൽ

സ്കൂളിലെ 2019-20 അധ്യായന വർഷത്തെ വിവിധ ക്ലബ് പ്രവർത്തനങ്ങളുടെ ഉത്ഘാടനം പ്രസിദ്ധ സാഹിത്യകാരൻ രമേശ് കാവിൽ നിർവ്വഹിച്ചു. വിദ്യാർത്ഥികളുടെ സർഗ സൃഷ്ടികൾ പരിപോഷിപ്പിക്കാൻ പറ്റിയ തരത്തിലുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച് ഉത്ഘാടകൻ സൂചിപ്പിച്ചു. കഥ പറഞ്ഞും കവിതയാലപിച്ചും അനുഭവങ്ങൾ പങ്കുവെച്ചും അതിഥി നടത്തിയ ഉത്ഘാടന പ്രഭാഷണം ഹൃദ്യമായിരുന്നു. ശ്രീമതി ബീന ടീച്ചർ, സാത്താർ മാസ്റ്റർ, എച്ച്.എം,ഷീജ ടീച്ചർ തുടങ്ങിയവർ പ്രസ്തുത പരിപാടിക്ക് നേതൃത്വം നൽകി.











# പ്രതിഭയോടൊപ്പം

## ഗവ : ഹൈസ്കൂൾ പന്നിപ്പാറ



15/11/2019 വെള്ളിയാഴ്ച്ച 3.30 PM ന് പ്രതിഭയോടൊപ്പം പദ്ധതിയുടെ ഭാഗമായി പാവണ്ണ സ്വദേശിയും,സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയും, ഫുട്ബോൾ Under 18 ഇന്ത്യൻ ടീം അംഗവുമായിരുന്ന ശ്രീ. മുഹമ്മദ് ജവാദ്.പി യെ സന്ദർശിച്ചു. 3 അധ്യാപകരും ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുമുൾക്കൊള്ളുന്ന സംഘം ജവാദിന്റെ വീട് സന്ദർശിക്കുകയായിരുന്നു. വലിയ സ്വീകരണമാണ് ജവാദിന്റെ വീട്ടിൽ സംഘത്തിന് ലഭിച്ചത്. പൂച്ചെണ്ട് നൽകി അദ്ദേഹത്തെ ആദരിച്ചു. HM ഇൻചാർജ് അബൂബക്കർ മാസ്റ്റർ അദ്ദേഹത്തെ പൊന്നാട അണിയിച്ചു. ലിറ്റിൽ കൈറ്റ്സ് പ്രതിനിധി യൂനസ്.കെ ആമുഖം അവതരിപ്പിച്ചു. തുടർന്ന് അംഗങ്ങളുമായി ജവാദ് സംവാദിച്ചു. ഫുട്ബോൾ രംഗത്തെ തന്റെ വളർച്ചയുടെ പടവുകൾ വിശദീകരിച്ചു.

ഗ്രാമീണത മുറ്റിനിൽക്കുന്ന പാവണ്ണ ഗവ: എൽ പി സ്കൂളിന്റെ വിശാലമായ ഗ്രൗണ്ടിൽ നിന്ന് പന്തു തട്ടി തുടങ്ങി, ഫുട്ബോൾ ജ്വരം നെഞ്ചിലേറ്റി ഫുട്ബോളിന്റെ ഈറ്റില്ലമായ അരീക്കോടിന്റെ ഹൃദയമായ തെരട്ടമ്മലേക്ക് പഠനകാലം പറിച്ചു നട്ട നമ്മുടെ ഈ പൂർവ്വ വിദ്യാർഥി പിന്നീട് ഇന്ത്യൻ ഫുട്ബോളിലെ ശ്രദ്ധേയമായ സാന്നിധ്യമായി. Dubai വെച്ച് നടന്ന Inter National Under 13 Football മത്സരത്തിൽ Indian Team ന്റെ പ്രധാന Forwarder ആയി. പങ്കെടുത്ത ആദ്യമത്സരത്തിൽ തന്നെ ഫുട്ബോളിലെ ആജാന ബാഹുക്കളായ ദക്ഷിണാഫ്രിക്കക്കെതിരെ 2 Goal കൾ നേടി. കായിക പ്രേമികളെ

# ഓർമ്മകൾ മാത്രമായി

കുഞ്ഞുപൂവിനെ നക്കിയിരിക്കുന്ന
പിഞ്ച്ചിളം കുഞ്ഞിന്റെ പുഞ്ച്ചിരിക്കാണവേ
കാലമത്രേ അകന്നു പോയിടുമ്പോൾ
ഒന്നു ചിരിക്കാൻ കഴിഞ്ഞിലെങ്കിൽ എന്നു നാം
ആശിച്ചു പോകുന്നു ആർദ്രനിമിഷങ്ങളിൽ
ബാല്യം തുടുത്ത സ്നേഹവാത്സല്യങ്ങൾ
കൗമാര യൗവ്വനപ്രണയാഘോഷങ്ങളിൽ
വന്നുപോയി വാർദ്ധക്യസഹജമാം നോവിനാൽ
അലിയുമീ കണ്ണീരും വേർപാടിൻ കഥയുമായ്
ആശിച്ചു പോകുന്നു ഞാൻ ഊഴിയിൽ
ഇനിയൊരു ബാല്യ മുണ്ടായിരുന്നെങ്കിൽ...........

**സഫ്വാൻ**

**9 A**

# സൈബർ സുരക്ഷ

സാങ്കേതികവിദ്യ അനുദിനംവികാസം പ്രാപിച്ചുകൊണ്ടിരിക്കുന്ന വർത്തമാന കാലത്ത് സൈബർ സുരക്ഷ നിരന്തരമായി ചോദ്യചിഹ്നമായിക്കൊണ്ടിരിക്കുകയാണ്.കുറ്റകൃത്യങ്ങളുടെ തോതും അതിന്റെ സ്വഭാവവും പരിശോധിക്കുമ്പോൾ ഗൗരവമേറിയതും ഭരണസംവിധാനത്തെ തകർക്കുന്നതുമായ നിയമലംഘനങ്ങളാണ് സൈബർ ഇടങ്ങളിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നത്.കംബ്യൂട്ടർ ,സെൽഫോൺ തുടങ്ങിയ ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ട് ഇന്റർനെറ്റ് സേവനങ്ങളിൽ നിരന്തരമായിഅതിക്രമങ്ങൾ അരങ്ങേറിക്കൊണ്ടിരിക്കുകയാണ്. നിയമസംവിധാനത്തിന്റെ ദുർബലത കുറ്റവാളികൾക്ക് സഹായകമാകുന്ന സമകാലീന അവസ്ഥയാണ് കണ്ടുവരുന്നത്.സകല പ്രവർത്തികളും ഇന്റർ നെറ്റ് ശൃംഖല ഉപയോഗിച്ച് കൊണ്ട് നടത്തുന്ന വർത്തമാന കാലത്ത് വ്യക്തിക്കും ഭരണസംവിധാനത്തിനും മാത്രമല്ല രാഷ്ട്രത്തിന്റെ നിലനിൽപ്പിനും കൂടിയാണ് ഇത് ഭീഷണിയാകുന്നത്.ഡിജിറ്റൽ സംവിധാനത്തിലെ വിവരങ്ങൾ ചോർത്തുന്നതോടൊപ്പം സംവിധാനത്തെ തകർക്കാൻ പോലും ശക്തിയുള്ള വൈറസുകൾ ഉണ്ട്.mydoom,sobig.f,code red തുടങ്ങിയ വൈറസുകൾ സെർവറുകളുടെയും കംബ്യൂട്ടുകളുടെയും പ്രവർത്തനം തകരാറിലാക്കി ഡിജിറ്റൽ വിവരങ്ങൾ ചോർത്താനും നശിപ്പിക്കുവാനും സാധ്യമാകുന്നവയാണ്.അപകടകാരികളായ ഇത്തരം വൈറസുകളെ തടഞ്ഞുനിർത്താൻ നിലവിലെ പ്രതിരോധസംവിധാനങ്ങൾ പര്യാപ്തമാകുന്നില്ലെന്നതാണ് രസകരമായ മറ്റൊരു വസ്തുത.കേരള സർക്കാറിന്റെ ഔദ്യോഗിക വെബ്സൈറ്റ് അക്രമികൾ കൈയ്യേറിയതും മഹാരാഷ്ട്ര സർക്കാരിന്റെ വെബ്സൈറ്റ് അക്രമികൾ ഹാക്ക് ചെയ്തതും ഇന്റർനെറ്റ് സുരക്ഷയുടെ വീഴ്ച്ച തുറന്നുകാട്ടുന്നു.അതീവ സുരക്ഷാവ്യക്തിഗത വിവരങ്ങൾ കുതന്ത്രമാർ ഗങ്ങളിലൂടെ യതാർത്ഥ സ്രോതസ്സിൽ നിന്നെന്ന പോലെ തോന്നിപ്പിക്കുന്ന തരത്തിൽ ചോർ ത്തിയെടുക്കുന്ന രീതിയാണ് ഫിഷിങ്.ഇത്തരം രീതിയിലുള്ള തട്ടിപ്പുകൾ വലിയ തോതിൽ നടക്കുന്നുണ്ടെങ്കിലും ഇരകളിലാരും പരാതികളുമായി രംഗത്ത് വരാറില്ല. പലപ്പോഴും കബളിക്കപ്പെട്ടത്പോലുംഇരകൾ അറിയുകപോലുമില്ലെന്നതാണ് വാസ്തവം.ATM മെഷീനിൽ നിന്നുപോലും ഉപഭോക്താക്കളുടെ പണം അപഹരിക്കപ്പെടുന്ന കാലമാണിത്.

സൈബർ സുരക്ഷക്കായി:–

–നമ്മുടെ വിവരങ്ങൾ ആവശ്യത്തിന് അറിയുന്നവരുമായി മാത്രം പങ്കുവെക്കുക.

–സുഹൃത്തുക്കളെ സ്വീകരിക്കുമ്പോൾ അവരെപ്പറ്റി നന്നായി പഠിച്ച ശേഷം മാത്രമായിരിക്കുക.

–ഒന്നും സൗജന്യമായി കിട്ടില്ല എന്ന കാര്യം വ്യക്തമായി ഓർത്തുവെക്കുക.

–ഏത് വെബ്സൈറ്റ് ലിങ്കും ക്ലിക്ക് ചെയ്യുമ്പോൾ വളരെ സൂക്ഷ്മമായി മാത്രം ചെയ്യുക.ഡൗൺ ലോഡ് അല്ലെങ്കിൽ ഇൻസ്റ്റാൾ ചെയ്യുമ്പോൾ അതിനേക്കാൾ സൂക്ഷ്മത വേണം.

–ചില അവസരങ്ങളിൽ ഇങ്ങനെയുള്ള പ്രോഗ്രാമുകൾ നമ്മുടെ ക്യാമറ പോലും നിയന്ത്രിക്കാൻ കഴിവുള്ളവയാണെന്ന് അറിയുക.

–നമ്മുടെയും നമ്മുടെ ബന്ധപ്പെട്ടവരുടെയും ദൗർബല്യങ്ങളും വളരെ വ്യക്തമായി മനസ്സിലാക്കുകയും ഓർത്തുവെക്കുകയും ചെയ്യുക.


സൈബർ സുരക്ഷക്കായി എപ്പോഴും സുരക്ഷാബോധം കാത്തുസൂക്ഷിക്കുക.

സഫീനാ മിസ്‌രി
പത്ത് എ

# ചലനം

ചലനം നഷ്ടപ്പെട്ട തൂലികകൾക്ക്
ചുരുട്ടി എറിഞ്ഞ കടലാസുകൾ
പെറുക്കിയെടുത്ത് പിന്നെ, സ്നേഹവും
ഓർമ്മകളും അനുഭവങ്ങളും സാഹി -
ത്യങ്ങളും പങ്കുവെച്ച നമ്മുടെ
യൊക്കെ കുഞ്ഞു മനസ്സുകൾക്കും
സ്നേഹോപദേശങ്ങൾ നൽകിയ
അധ്യാപകർക്കും ഒരായിരം  പൂച്ചെണ്ടുകൾ

ഹിബ കെ
എട്ട് ഇ




# പുലരി പൂക്കുമ്പോൾ

പിന്നെയും കാത്തു നിൽപ്പായ്
ഒരു പുലരിക്കു വേണ്ടി
ഇരുട്ടിനെ മായ്ച്ച് വെളിച്ചമേകാൻ
ലിൽക്കുന്ന നിനക്കു വന്ദനം
വയലുകളും പുഴകളും തൊട്ടു -
ണർത്തി, നിന്റെ വിരലുകളാൽ
നീ തലോടിയ

ആ പുലരിയിൽ
നാടുണർന്നു നാം ഉണർന്നു
പൂക്കളിൽ നീ പുഞ്ചിരിയേകി
ഞങ്ങൾക്ക് നീ വെളിച്ചമേകി
പുഴകളിൽ നീ നീരാടി
എന്നും നിറഞ്ഞു നിൽപ്പായ്
നിൻ ശോഭയിൽ
ഒരു പുതു പുലരിയായ് പിറവിയായ്
ജനിക്കാൻ
എന്നും നീ ഉണർന്നു നിന്നു
അന്നും നീ ഉണർന്നു

**കേരള നാടിനായ്**



# ജൈസൽ

9 C

## വായനാ ദിനം




വായനാ ദിനത്തോടനുബന്ധിച്ച് ശ്രദ്ധേയമായ വിവിധ പ്രവർത്തനങ്ങൾ സ്കൂളിൽ നടന്നു. വായനയുമായി ബന്ധപ്പെട്ട പതിപ്പ് നിർമാണം ക്ലാസ് തലത്തിൽ നടത്തി. മികച്ച പതിപ്പിന് സമ്മാനം നൽകി. വായനയുടെ പ്രാധാന്യം ബോധ്യപ്പെടുത്താനും കുട്ടികളെ വായനയിലേക്ക് ആകർഷിക്കാനും വിപുലമായ പുസ്തക പ്രദർശനം സംഘടിപ്പിച്ചു. വിവിധ പ്രസാധകരുടെ ഈടുറ്റ ലേഖനങ്ങൾ,കഥകൾ, കവിതകൾ തുടങ്ങി ഒട്ടേറെ പുസ്തകങ്ങൾ പരിചയപ്പെടാനും അടുത്തറിയാനും കുട്ടികൾക്ക് സാധിച്ചു. വിവിധ വിഷയങ്ങളിൽ ശ്രദ്ധേയമായ കവികളെ പരിചയപ്പെടുത്തുന്ന കവി പരിചയം എന്ന പരിപാടി ഏറെ ഹൃദ്യമായിരുന്നു. കേരളത്തിൽ വിവിധ കാലങ്ങളിൽ ജീവിച്ച കവികളെയും അവരുടെ കലാ സൃഷ്ടിയും മനസ്സിലാക്കാൻ ഏറെ ഉപകാരപ്രദമായിരുന്നു പ്രസ്തുത പരിപാടി.

വായനാ ദിനത്തോടനുബന്ധിച്ച് പ്രത്യേക ക്വിസ് മത്സരം സംഘടിപ്പിച്ചു. ക്ലാസ് തല വിജയികളെ പങ്കെടുപ്പിച്ച് സ്കൂൾ തല മത്സരം സംഘടിപ്പിക്കുകയും വിജയികളെ ആദരിക്കുകയും ചെയ്തു. ശ്രീമതി ബീന ടീച്ചർ,സജീവ് മാസ്റ്റർ, ലബീബ് സർ,പ്രദീപ് സർ എന്നിവർ വിവിധ പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകി.

# ഗാന്ധിജി

കണ്ണട വെച്ചൊരു ഗാന്ധിജി
വടിയും കുത്തി  നടക്കും ഗാന്ധി
ചർക്കയിലാൺ ജീവിത മാർഗം
സ്നേഹത്തോടെ നമ്മൾ വിളിക്കു
**നമ്മൂടെ  സ്വന്തംബാപ്പൂജി**

മണികണ്ഠൻ
ഒന്നാം     ക്ലാസ്



# *Vacation S R G*






പന്നിപ്പാറ ഗവ:ഹൈസ്കൂൾ 2019 – 2020 അധ്യയന വർഷത്തിൽ നടപ്പിലാക്കേണ്ട വിവിധ പദ്ധതികൾ – പ്രധാന പ്രവർത്തനങ്ങൾ – ചുമതല വിഭജനം തുടങ്ങിയ കാര്യങ്ങൾ വിശദമായി ചർച്ച് ചെയ്ത് തീരുമാനിക്കാൻ എസ്.ആർ.ജി ചേർന്നു.ഒരു ദിവസം നീണ്ടു നിന്ന എസ്.ആർ.ജി യോഗത്തിൽ സ്റ്റാഫ് സെക്രട്ടറി സത്താർ മാസ്റ്റർ, സീനിയർ അസിസ്റ്റന്റ് അബൂബക്കർ സർ, വിജയഭേരി കോ-ഓർഡിനേറ്റർ സുരേഷ് ബാബു സർ, ഹരിദാസൻ മാസ്റ്റർ എന്നിവർ വിവിധ പദ്ധതികളുടെ കരട് അവതരിപ്പിച്ചു. പ്രസ്തുത വിഷയങ്ങളിൽ ഗഹനമായ ചർച്ചകൾ നടത്തുകയും ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തി. മെച്ചപ്പെട്ട പ്രവർത്തനങ്ങൾ തീരുമാനിക്കുകയും, പ്രവർത്തന കലണ്ടർ തയ്യാറാക്കുകയുമുണ്ടായി.

ചർച്ചകളിൽ അനൂപ് മാസ്റ്റർ, കരീമുള്ള സർ, അബ്ദുസലാം മാസ്റ്റർ, വീരാൻ കുട്ടി മാസ്റ്റർ തുടങ്ങിയവർ ഇടപെടുകയും പദ്ധതികൾ സ്കൂൾ അന്തരീക്ഷത്തിന് അനുസരിച്ച് നടപ്പിലാക്കാൻ വേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്തു.

പ്രസ്തുത യോഗത്തിൽ സ്കൂളിൽ പുതുതായി ചാർജെടുക്കുന്ന ഹെഡ്മിസ്ട്രസ് ബേബി സഫീന ടീച്ചറെ ഹൃദ്യമായി വരവേൽക്കുകയും, ടീച്ചറുടെ നിർദേശങ്ങൾ അറിയിക്കുകയും ചെയ്തു. 2019 -20 അധ്യയന വർഷത്തെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാൻ മുഴവൻ അധ്യാപകരുടെയും പിന്തുണ ടീച്ചർ ആവശ്യപ്പെടുകയും അത് നൽകാൻ ഒറ്റക്കെട്ടായി തീരുമാനമെടുക്കുകയും ചെയ്തു. വൈകുന്നേരം 4.30 ന് ശ്രീ കരീമുള്ള സാറിന്റെ നന്ദി പ്രസംഗത്തോടെ സ്പെഷ്യൽ എസ്.ആർ.ജി സമാപിച്ചു.

# ഐലൻ ആസിഫാ........


# നിങ്ങൾക്ക് വേണ്ടി ഒരായിരം തവണ

ഒരു കൊച്ചുകിരണമായി ഈ ലോകം
കാണാൻ ശ്രമിക്കവേ, അറിയാതെ
നിറയുന്നവൻ മിഴികളും,അറിയാതെ
മിടിക്കുന്നവൻ ഹൃദയവും

ഹേ മനുഷ്യ, നോക്കൂ ആ വീഥിയിലേക്ക്
വയലറ്റ് പരവതാനിയിലതാ പീച്ച് പുഷ്പങ്ങൾ
കൊഴിഞ്ഞ് കിടക്കുന്നതോ  മനോഹരം
ആകാഴ്ച നുകരവേ നാസാ ദ്വാരത്തിലേക്കതാ
ഇരച്ചുകയറുന്നു കറുവായിലെ ചോരയുടെ മണം

അതാ അവിടെ ചെമ്പനിരിന്റെ നിറവും
മുല്ലയുടെ സൗരഭ്യവുമായി ഒരു പുഷ്പം.
“അതേ മുല്ലയാമെന്നിലും രക്തച്ചുവപ്പ്
**പടർന്നിരിക്കുന്നു”.**

**മിഷാൽ പി പി**
**9 B**





2019-20 ജില്ലാക്യാമ്പിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഞങ്ങളുടെ സ്കൂളിലെ അഭിമാന താരമായ 9 A ക്ലാസിൽ പഠിക്കുന്ന യൂനസ്ന് **G H S PANNIPPARA** യുടെ എല്ലാ വിധ ആശംസകളും നേരുന്നു

# സുന്ദരമായൊരു പൂന്തോട്ടം

സുന്ദരമായൊരു പൂന്തോട്ടം
എന്ത്രോയൊരു പൂന്തോട്ടം
റോസും മുല്ലയും മല്ലികയും
കൂടി ചേർന്നൊരു പൂന്തോട്ടം
അഹാ!നല്ലൊരു പൂന്തോട്ടം
പൂവണ്ടുകൾ പാടി പറക്കുന്നു
പൂമ്പാറ്റകൾ ആടി രസിക്കുന്നു
പൂമ്പൊടി എങ്ങും പരത്തുന്നു
അഹാ!നല്ലൊരു പൂന്തോട്ടം

അഷ്ഫിൻ
9 B





# കേരളം

1956 നവംബർ ഒന്നിന് കേരളം എന്ന കൊച്ചു സംസ്ഥാനം നിലവിൽ വന്നു.അന്ന് 5 ജില്ലകൾ മാത്രമായിരുന്നു ഉണ്ടായിരുന്നു.എന്നാൽ ഇന്ന് അത് 14ജില്ലകളായിമാറി.

കേരളം വളരെ സുന്ദരവും മനോഹരവുംനിറഞ്ഞതാണ്.ദൈവത്തിന്റ സ്വന്തം നാട് എന്നാണ് കേരളം അറിയപ്പെടുന്നത്.നാളികേരംനിറഞ്ഞു നിൽക്കുന്ന മനോഹരമായ നാടാണ് നമ്മുടെ കൊച്ചു കേരളം.നദികളും ,പുഴകളും ,അരുവികളും കൊണ്ട് വിസ്മയവും നിറഞ്ഞതാണ് നമ്മുടെ കേരളം.


മിഷാൽ പി

9 B

# തേന്മാവ്

റോഡരികെ തിളങ്ങീടും
മോഡേൺ വീടാണെൻ  വീട്
വീട്ടിൻ മുറ്റത്തുണ്ടല്ലോ
പന്തൽ പോലൊരു തേന്മാവ്
മാവിൽ നിന്നും വീഴുന്ന
മാങ്ങ തിന്നും ഞാനെന്നും
ഒരു നാൾ നേരം പുലർന്നപ്പോൾ
മാവിൻച്ചോട്ടിൽ ഞാനെത്തി
അപ്പോഴുണ്ടൊരു  ചെറു ബാലൻ
മാങ്ങ പൊറുക്കി കൂട്ടുന്നു
നേരെ ചെന്ന് ഞാനപ്പോൾ
മാങ്ങ മുഴുക്കെ വാങ്ങിച്ചു
നാളുകളേറെ കഴിയും മുമ്പായി
കാറ്റും മഴയും വന്നല്ലോ
അന്നൊരു നാളിൽ ഇടിപ്പൊട്ടി
ഉടനെ മാവ് കരിഞ്ഞല്ലോ......!

സഫീല



# ഒമ്പത് ബി

# വിദ്യാർത്ഥിയുടെ പ്രധാന ലക്ഷ്യം പഠനമാണ്

പഠനം വ്യതിചലിക്കാൻ ഒരുപാട് കാരണങ്ങളുണ്ട്.മിക്ക വിദ്യാർത്ഥികളും സമൂഹത്തിലും കുടുംബത്തിലും അംഗീകാരം കൊതിക്കുന്നവരാണ്.പക്ഷേ അത് തടയപ്പെടുന്നതോടുകൂടി ആ അംഗീകാരം ലഭിക്കാനുള്ള വഴി തേടുന്നു.അത് വിദ്യാർത്ഥിയെ കൊണ്ടെത്തിക്കുന്നത് കുടുബത്തിന്റെയും സമൂഹത്തിന്റെയും സങ്കീർണമായ ഉള്ളറകളിലേക്കാണ്.തുടന്ന് പഠനത്തിനുള്ള ശ്രദ്ധ കുറയാൻ ഇതൊരു കാരണമാവുന്നു

ചില വിദ്യാത്ഥികൾ ദൃശ്യമാധ്യമങ്ങളിലൂടെ കാണുന്ന വിദ്യാത്ഥി ജീവിതത്തെ അനുകരിക്കാൻ ശ്രമിക്കുന്നു.തുടന്ന് തന്റെ വിദ്യാലയത്തെ കുറിച്ച് ഒരുപാട് മിഥ്യധാരണങ്ങൾക്ക് മനസ്സിൽ രൂപം കൊടുക്കുന്നു.അതുവരെ പഠനത്തിന്റെ ലോകത്ത് മാത്രം ഒതുങ്ങിയിരിക്കുന്ന വിദ്യാത്ഥി റൗഡിസത്തെക്കുറിച്ചും,
പ്രണയത്തെക്കുറിച്ചും ചിന്തിച്ച് തുടങ്ങുന്നു


ജീവിതം ഒരിക്കൽ മാത്രമാണ്.ദൈവം സുഖങ്ങളും ദുഃഖങ്ങളും ഒരു പോലെ നൽകും.ഇരുകൈയ്യും നീട്ടി സ്വീകരിക്കുക.പ്രശ്നങ്ങളെ, ഉറച്ചമനസ്സോടുകൂടിനേരിടുക.മനുഷ്യനാണെങ്കിൽ ജീവിതപ്രശ്നങ്ങൾ ഉണ്ടായിരിക്കും.അതിനെ അതിജീവിക്കാനുള്ള കഴിവ്നൽകു എന്നതാണ്ശക്തമായ വിദ്യഭ്യാസം.

**ഒന്നോർക്കുക.......അറിവെന്ന സമ്പത്ത് എവിടെയും ആർക്കുമുന്നിലും അവസാനിക്കുന്നില്ല!**

# നവ കേരളം

കാക്കകൾ കൂക്കി പ്പറക്കുന്ന നാട്ടിൽ
ആനകൾ അലറി വിളിക്കുന്നക്കാട്ടിൽ
മയിലുകൾ നൃത്തമാടുന്ന കാട്ടിൽ
കേരളമേ നിന്നെ ഞാൻ കാണുന്നു
ദുഃഖദാവത്താൽ ശുഷ്കിച്ചു നിൽക്കുന്ന നിൻ ശിരസ്സ്
നിൻ ഞരമ്പുകളായ ജലാശയങ്ങൾ പോയി മറഞ്ഞിട്ടാണോ
അതോ നിന്റ ശിരസ്സിനെ താങ്ങിനിർത്തുന്ന,
പടുവൃക്ഷങ്ങൾ ഇല്ലാതെയായിട്ടാണോ
നിന്റ ഇന ദുഃഖ കാരണം
ഓ മലയാള നാടേ നീ വിഷമിക്കണ്ട
ഞങ്ങൾ കിടാങ്ങൾ സത്ത്യം ചെയ്യുന്നു
നിൻ മനം നോവുന്ന കാര്യങ്ങളോക്കയും
വർജിക്കാൻ ഞങ്ങൾ കിടാങ്ങളുണ്ട്
ഓ മലയാള നാടേ ആശ്വസിക്കു
നിന്നെ മരിക്കാൻ വിട്ടുകൊക്കില്ല
ഞങ്ങൾ കിടാങ്ങൾ ഞങ്ങൾ കിടാങ്ങൾ.

ഫത്താഹ്
9 C



# ഒരു യാത്ര

തന്റെ കുടുംബത്തോടൊത്ത് ഒരു യാത്ര! ഇടുക്കി-യുടെ വനഭംഗി ആസ്വദിക്കാൻ ഒരു മൂന്ന് ദിവസത്തെ ക്യാമ്പ് . ഇടുക്കി എനിക്ക് അപരിചിതമല്ല. ഇതിനു മുമ്പും ഞങ്ങൾ ഇതു വഴി പോയിട്ടുണ്ട്. പക്ഷെ അന്നൊന്നും കാണാത്ത മറ്റു കായിച്ചകളും ഇന്ന് കതുടങ്ങിയവരും ചേർന്നാണ് 1930- കൾക്കുശേഷം മലയാള കഥയിലെ സുവർണ്ണയുഗം സൃഷ്ടിച്ചത്. റിയലിസത്തിന്റെ സന്ദേശമാണ് അവർ ഉയർത്തിയത്. അദ്ഭുതരസവും പരിണാമ ഗുപ്തിയും തൊലിപ്പുറമേയുള്ള ഫലിതവും നിറഞ്ഞ ആദ്യകാല കഥകളിൽ നിന്നുള്ള വമ്പൻ കുതിച്ചു ചാട്ടമാണ് ഈ തലമുറ നിർവഹിച്ചത്.

ദരിദ്രമനുഷ്യരുടെ ജീവിതവും അവർ നേരിടുന്ന ചൂഷണങ്ങളും രാഷ്ട്രീയസമരവും അധികാര വിമർശനവും ഈ കഥാകൃത്തുക്കളുടെ പ്രമേയമായി. വർക്കിയുടെ മന്ത്രിക്കെട്ട്, അന്തോണീ നീയുമച്ചനായോടാ, ശബ്ദിക്കുന്ന കലപ്പ, തകഴിയുടെ വെള്ളപ്പൊക്കത്തിൽ, കേശവദേവിന്റെ ഗുസ്തി, കുൾഡ്രിങ്ക്, പ്രതിജ്ഞ, ബഷീറിന്റെ നീലവെളിച്ചം, ജന്മദിനം, ടൈഗർ, പൊറ്റക്കാട്ടിന്റെ ഒട്ടകം, ഏഴിലംപാല, കാട്ടുചെമ്പകം, നിശാഗന്ധി, കാരൂരിന്റെ മരപ്പാവകൾ, പൂവമ്പഴം,

അരഞ്ഞാണം, ഉതുപ്പാന്റെ കിണർ, മോതിരം, പിശാചിന്റെ കുപ്പായം, അന്തർജനത്തിന്റെ മാണിക്കൻ, പ്രതികാരദേവത, സരസ്വതിയമ്മയുടെ പെൺബുദ്ധി, ചോലമരങ്ങൾ തുടങ്ങിയ എത്രയോ കഥകൾ ആ സുവർണ്ണഘട്ടത്തിന്റെ സ്മാരകങ്ങളായി നിലനിൽക്കുന്നു.

ഒട്ടേറെ പുതിയ എഴുത്തുകാർ 1940-കളിൽ ചെറുകഥാരംഗത്തെ വികസ്വരമാക്കി. പുളിമാന പരമേശ്വരപിള്ള, നാഗവള്ളി ആർ. എസ്. കുറുപ്പ്, വെട്ടൂർ രാമൻ നായർ, പോഞ്ഞിക്കര റാഫി, ടി. കെ. സി. വടുതല തുടങ്ങിയവർ ഈ കാലഘട്ടത്തിൽ ശ്രദ്ധേയരായിത്തീർന്നു. മുട്ടത്തു വർക്കി, വൈക്കം ചന്ദ്രശേഖരൻ നായർ, ചെറുകാട്, ഐ. കെ. കെ. എം., എം. പരമേശ്വരൻ നായർ, പെരുന്ന തോമസ്, എൻ. ഗോവിന്ദൻകുട്ടി, ടാറ്റാപുരം സുകുമാരൻ, ബി. മാധവമേനോൻ, ഡി. എം. പൊറ്റെക്കാട്ട്, സി. അച്യുതക്കുറുപ്പ്, എസ്. കെ. ആർ. കമ്മത്ത്, ഇ. എം. കോവൂർ, എം. എൻ. ഗോവിന്ദൻ നായർ, വേളൂർ കൃഷ്ണൻ കുട്ടി, പി. കെ. രാജരാജവർമ്മ, ആനന്ദക്കുട്ടൻ, എൻ. പി. ചെല്ലപ്പൻ നായർ, പി. സി. കോരുത്, വി. ടി. നന്ദകുമാർ, സരളാരാമവർമ്മ, എസ്. കെ. മാരാർ തുടങ്ങി ഒട്ടേറെ കഥയെഴുത്തുകാർ 1940 കൾക്കു ശേഷം ഉയർന്നു വന്നവരാണ്.

മൂന്നാം ഘട്ടം

1950-കൾ മുതൽ ചെറുകഥ അന്നുവരെയുള്ളതിൽ നിന്നു വ്യത്യസ്തമായ വഴിയിൽ സഞ്ചരിക്കാൻ തുടങ്ങി. സാഹിത്യരൂപമെന്ന നിലയിൽ ചെറുകഥ ഏകാഗ്രവും സൂക്ഷ്മവുമായ ശില്പമായിത്തീർന്ന ഈ ഘട്ടത്തിലെ കഥകൾ ആന്തരികാനുഭവങ്ങൾക്കും മനോവൃത്തികൾക്കും പ്രാധാന്യം നൽകി. ബിംബ പ്രധാനമായ ആഖ്യാനരീതിയും പ്രാബല്യം നേടി. ഏകാകിയുടെ വേദനകൾ ആവിഷ്കരിക്കുന്ന


വൃന്ദ

പത്ത് എ

# മുഞ്ചാസനും  പഞ്ചാരകുഞ്ചുവും

മുഞ്ചാസനാളൊരു  വീരനവൻ
വഞ്ചിയിൽക്കയറിപ്പോകുമ്പോൾ
പഞ്ചാരക്കുഞ്ചു മറ്റൊരു വഞ്ചിയിൽ
പഞ്ചാരച്ചാക്കിമായി വന്നു അതുവഴി
മുഞ്ചാസൻ പെട്ടെന്ന് വഞ്ചി നിർത്തി
കുഞ്ചുവിനോടരു കഥ പറഞ്ഞു
അഞ്ചാളെടുക്കാത്ത കല്ല് ഞാനെറ്റക്ക്
മഞ്ചാടിപ്പോലെയെടുത്തുയർത്തും
ഇഞ്ചി കടിച്ചതു പോലെ കുഞ്ചു
മുഞ്ചസൻ കഥ  കേട്ടിരുന്നു പോയി...!


(മടവൂർ രാധകൃഷ്ണൻ)



# ഓർമ്മകൾ മാത്രമായ്

കുഞ്ഞു പൂവിനെ ന്നെക്കിയിരിക്കുന്ന പിഞ്ചിളം
കുഞ്ഞിന്റെ പുഞ്ചിരിക്കണവേകാലമെത്രേ
അകന്നു പോയിടുമ്പോൾഒന്നു ചിരിക്കാൻ കഴിഞ്ഞെങ്കിൽ എന്നു നാം
ആശിച്ചു പോകുന്നു ആർദ്രനിമിഷയങ്ങളിൽ ബാല്യംനണത്ത
സ്നേഹവാഝ്യങ്ങളിൽ കൗമാരയൗവ്വനപ്രണയഘോഷങ്ങളിൽ
വന്നു പോയ്വാർദ്ധക്യസഹജമാം നോവിനാൽഅലിയുമീകണ്ണീരും
വേർപാടിൻ കഥയുമായ്ആശിച്ചു പോകുന്നു ഞാൻ
ഊഴിയിൽഇനിയൊരു ബാല്യ മുണ്ടായിരുന്നെങ്കിൽ

(സജിനി എ.പി)



# നോബേൽ സമ്മാനവും ഗാന്ധിജിയും

സമാധാനത്തിനുള്ള നോബൽ സമ്മാനം ലോഭിക്കാതെ പോയ വ്യക്തിയാണ് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി .ഗാന്ധിജിയേക്കാൾ കുറഞ്ഞ സംഭാവനകൾ നൽകിയവർക്കാണ് ഇതുവരെ പുരസ്കാരം ലഭിച്ചതെന്ന് .1901 മുതൽ 2016 വരെയുള്ള രേഖകൾ പരിശോദിച്ചാൽ ബോധ്യമാവും .എന്തുകൊണ്ട് ഗാന്ധിജി തായെപ്പെട്ടു എന്ന ചോദ്യത്തിന് നിരവധി ഊഹാപോഹങ്ങൾ മാത്രമാണ് ഇന്നും മറുപടി . നോൺ വയലൻസ് ഒരു സമര മാർഗമായി സ്വീകരിച്ച് ഗാന്ധിജി ലോക സമാധാനത്തിന് നൽകിയ സംഭാവനകൾ വളരെ വിലപ്പെട്ടതൊണന്ന് മനസ്സിലാക്കിയവർ നോബൽ സമ്മാനത്തിനും അപ്പുറമാണ് ഗാന്ധിജിയുടെ സംഭാവനകൾ എന്ന് വിധി എഴുതി .

സമാധാനപുരസ്കാരം നിശ്ചയിക്കുന്ന നോർവീജിയൻ കമ്മിറ്റിക്ക് തങ്ങളുടെ രാജ്യവും ബ്രട്ടനുമായുള്ള ബന്ധം ഗാന്ധിജിയെ തയഴാൻ ഒരു കാരണമായി എന്ന് വിശ്വസിക്കുന്നവർ ധാരാളമുണ്ട് .എന്നാൽ 1937,1938,1939,1947,1948 എന്നീ വർഷങ്ങളിൽ ഗാന്ധിജിക്ക്നോബൽ സമ്മാനത്തിനുള്ള നാമനിർദേശമുണ്ടായിരുന്നു എന്നാണ് രേഖകൾ വ്യക്തമാക്കുന്നത് .ഗാന്ധിജിക്ക് പുരസ്കാരം നൽകാത്തത് കൊണ്ട് ആ പട്ടിക പൂർണമാകുന്നില്ലന്നാണ് 2006 ലെ നോബൽ സമ്മാന പ്രഖ്യാപന സമയത്ത് നോർവീജിയൻ കമ്മിറ്റി സെക്രട്ടറി ഖേദപ്രകടനം നടത്തി .1989 ൽ ദലായ് ലാമയ്ക്ക് സമാധാനത്തിനുള്ള നോബൽ സമ്മാനം നൽകുന്ന വേളയിൽ നോർവീജിയൻ കമ്മിറ്റി ചെയർമാൻ ഇക്യിൽ ആർവിക്ക് നടത്തിയ പശ്ചാതാപം ഗാന്ധിജിക്ക് നോബൽ പുരസ്കാരം നൽകാത്തതിലായിരുന്നു .

യൂനസ്

ഒമ്പത് എ

# മൂരിക്കുട്ടന്മാരുടെ സഞ്ചാരം

നടക്കുന്നിടയിലും കറുമ്പൻ ചിന്തയിലാണ് ഇനിഎങ്ങോട്ടു പോകും നാട്ടിൽ കറങ്ങി നടന്നാൽ ചേക്കു കാക്കയും ചാത്തുവും തെരഞ്ഞുപിടിക്കും അവർ വീണ്ടും ബന്ധനത്തിലാക്കും

പെട്ടുന്നനെ മണിക്കുട്ടൻ പറഞ്ഞു

കറുമ്പൻ ചേട്ടൻ കാടുകണ്ടിട്ടില്ലല്ലോ.... നമുക്ക് കാട്ടിൽ പോകാം ചേട്ടാ

അതൊരു നല്ല ആശയമായി കറുമ്പനു തോന്നി കാട്ടിൽ മൃഗങ്ങളേ.... മനുഷരുടെ ശല്ല്യമുണ്ടാവില്ല..

ഇടവഴിയിലൂടെ മൂരിക്കുട്ടന്മാർ കീപ്പോട്ട് കീപ്പോട്ട്

ഇറങ്ങിച്ചെന്നു വെള്ളപ്പാക്കാലത്ത് കന്നുകളെ വയലിലേക്ക് ഇറക്കുന്ന ഇടവഴിയാണ്. കല്ലും മുള്ളും നിറഞ്ഞ വഴി. ഈ സമയത്ത് ഇടവഴിയിൽ മനുഷ്യരുടെ സാനിധ്യം ഉണ്ടാവില്ല.

ഇരുവരും വയൽ കരയിലെത്തി. വയൽ വരമ്പിലൂടെ മുന്നോട്ടു പോകാം എന്ന ചിന്ത അവർ ഒഴിവാക്കി പാടത്ത് ആളുകൾ ഉണ്ടാകും.

അവർ തങ്ങളെ കണ്ടാൽ വെറുതെ വിടില്ല അത്രക്കു ഭയങ്കരന്മാരാണ് മനുഷ്യർ.

റാഷിദ്
ഒമ്പത് എ

# കാഴ്ചകൾ!

ഗുരുവും ശിഷ്യരും ഒരു വഴി നടന്നു പോവുകയായിരുന്നു. വഴിയരികിൽ കാണാനുള്ളതൊക്കെയും നല്ല നല്ല കാഴ്ച്ചകളാണ്.മനോഹരമായ താഴ് വരകൾ, കായ്കനികൾ നിറഞ്ഞ തോട്ടങ്ങൾ പൂക്കൾ നിറഞ്ഞ ചെടികൾ മരങ്ങൾ മേഞ്ഞുനടക്കുന്ന കന്നുകാലികൾ, പാട്ടുപാടുന്ന കിളികൾ ....ഇങ്ങനെ എന്തെല്ലാം കാഴ്ച്ചകൾ! ഗുരു അവയൊക്കെ നോക്കികാണുകയും സന്തോഷം പ്രകടിപ്പിക്കുകയും അവയെല്ലാം സൃഷടിച്ച നാഥനെ വാഴ് ത്തുകയും ചെയ്യുന്നുണ്ട്.



# അപ്പൂപ്പൻതാടി

എന്തമ്മേയിങ്ങനെ ആകാശത്തുന്ന്

അപ്പൂപ്പൻതാടി മെല്ലെപാറണത്

ആരിതു വാരി വിതറിയതിങ്ങനെ?

കാണാൻ ചേലിതിനെന്തുരസം

അപ്പൂപ്പൻതാടിയെ ഊതിവിടുന്നൊരു


അമ്മുവിൻ തലയിൽ തലോടിയമ്മ

ദൂരേക്കു കൈച്ചൂണ്ടിച്ചൊല്ലിയതിങ്ങനെ,

അക്കാണും ചെടിയാണെരിക്കെൻ മോളേ

എരിക്കിൻ ചെടിയുടെ കായമൂത്തുടുമ്പോൾ

താനേ പൊട്ടിച്ചിതറിത്തെറിച്ചീടും



പൊട്ടിത്തെറിക്കുന്ന വിത്തുകളെല്ലാമേ!.

സാബിത്ത് 9C

# ഹരിത മോഹനം


ഒറ്റക്കണ്ണനായ പകലവൻ ഉദിച്ചു. കേരളം എന്ന പച്ചപ്പിന്റെ നാട് പിറന്ന് എന്ന് എല്ലാവരുടെയും കാതിൽ എത്തി. കേരളം എന്ന നാട്ടിൽ മനുഷ്യർ ഇല്ലായിരുന്നു. പക്ഷികളും മൃഗങ്ങളുമായിരുന്നു അവിടെ വസിച്ചിരുന്നത്.
എല്ലാ നാടുകളിൽ നിന്നും കുറച്ച് പേർ പുറപ്പെട്ടു. എല്ലാവരും ഉത്സാഹത്തോടെ വാഹനത്തിൽ കയറി. അവർ കേരളക്കരയിലെത്തി. അവരുടെ മുഖത്തെ കാണിക്കുന്ന കണ്ണാടി പോലെ ഒഴുകുന്ന നദികൾ, തേനിനേക്കാളും പാലിനേക്കാളും മധുരമുള്ള അരുവികൾ,പച്ചപ്പുരവതാനി വിരിച്ച പർവ്വതങ്ങൾ. പുഴയിലേക്ക് ഒന്നു നോക്കിയാൽ തിളങ്ങുന്ന കണ്ണുകളുള്ള മീനുകൾ. വയലുകൾ, കുളങ്ങൾ, തേൻ കനികൾ പൂത്തു നിൽക്കുന്ന മരങ്ങൾ. പൂമ്പാറ്റകളും തേനീച്ചകളും പാറി പറക്കുന്ന പൂന്തോട്ടം, തേങ്ങകൾ പൂത്ത് നിൽക്കുന്ന തെങ്ങുകൾ, മാവ്, പ്ലാവ്
ഇങ്ങനെ പലവിധ മരങ്ങളും. മനുഷ്യൻ ഈ നാട്ടിലേക്ക് കാൽ കുത്തിയതോടെ കേരളം എന്ന ഹരിതമോഹനം നശിക്കാൻ തുടങ്ങി. മനുഷ്യന് എന്താണ് ചെയ്യേണ്ടത് എന്നറിയില്ല. ആ സുന്ദരമായ കേരളമാണ് ഇന്ന് കാണുന്ന പഴയ കേരളം.

ചലനം നഷ്ടപ്പെട്ട ഗുളികകൾക്ക്
ചുരുട്ടി എറിഞ്ഞ കടലാസുകൾ
പെറുക്കിയെടുത്ത് പിന്നെ, സ്നേഹവും
ഓർമ്മകളും അനുഭവങ്ങളും സാഹി –

ത്യങ്ങളും പങ്കുവെച്ച നമ്മുടെ
യൊക്കെ കുഞ്ഞു മനസ്സുകൾക്കു
സ്നേഹോപദേശങ്ങൾ നൽകിയ
അധ്യാപകർക്കു


# പുലരി പൂക്കുമ്പോൾ

പിന്നെയും കാത്തു നിൽപ്പായ്
ഒരു പുലരിക്കു വേണ്ടി
ഇരുട്ടിനെ മായ്ച്ച് വെളിച്ചമേകാൻ
ലിൽക്കുന്ന നിനക്കു വന്ദനം
വയലുകളും പുഴകളും തൊട്ടു -
ണർത്തി, നിന്റെ വിരലുകളാൽ
നീ തലോടിയ
ആ പുലരിയിൽ
നാടുണർന്നു നാം ഉണർന്നു



പൂക്കളിൽ നീ പുഞ്ചിരിയേകി
ഞങ്ങൾക്ക് നീ വെളിച്ചമേകി

പുഴകളിൽ നീ നീരാടി
എന്നും നിറഞ്ഞു നിൽപ്പായ്
നിൻ ശോഭയിൽ
ഒരു പുതു പുലരിയായ് പിറവിയായ്
ജനിക്കാൻ
എന്നും നീ ഉണർന്നു നിന്നു
അന്നും നീ ഉണർന്നു
കേരള നാടിനായ്



## ലോക മയക്കുമരുന്ന് വിരുദ്ധ ദിനം

ജൂൺ 26 ലോകമയക്കുമരുന്ന് ദിനാചരണത്തോടനുബന്ധിച്ച് വ്യത്യസ്ത പരിപാടികൾ സ്കൂളിൽ സംഘടിപ്പിച്ചു. ലഹരി ഒരു ഹരമായി മാറിയ കാലത്ത് മാറിചിന്തിക്കാൻ പ്രേരിപ്പിക്കുന്ന തരത്തിലുള്ള പോസ്റ്റർ രചനാ മത്സരം സംഘടിപ്പിച്ചു. മത്സരത്തിന് തയ്യാറാക്കിയ മുഴുവൻ പോസ്റ്ററുകളും സ്കൂളിൽ പ്രദർശിപ്പിക്കുകയും വായനാ സൗകര്യം ഒരുക്കുകയും ചെയ്തു. നല്ല നിലവാരം പുലർത്തിയ ഈ പോസ്റ്ററുകൾ ലഹരി വിരുദ്ധ വികാരം മനസ്സിൽ ഊട്ടിയുറപ്പിക്കുന്നവയായിരുന്നു.

മയക്കുമരുന്ന് വിരുദ്ധ ദിനത്തിൽ പ്രത്യേക അസംബ്ലി ചേരുകയും ലഹരി വിരുദ്ധ സന്ദേശം നൽകുകയും ചെയ്തു. ഹെഡ്മിസ്ട്രസ്, അബ്ദുസലാം മാസ്റ്റർ,ഹരിദാസൻ മാസ്റ്റർ എന്നിവർ പ്രസ്തുത പരിപാടികൾക്ക് നേതൃത്വം നൽകി.





# ലോക കൗമാര ദിനാചരണം






ലോക കൗമാര ദിനാചരണത്തിന്റെ ഭാഗമായി പന്നിപ്പാറ ഗവ: ഹൈസ്കൂളിൽ നിയമ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. പോക്സോ ബാല നീതി നിയമം എന്ന വിഷയത്തിൽ 3.8.2019 നാണ് ക്ലാസ് നടന്നത്. പ്രസിദ്ധ അഭിഭാഷകൻ ഗോപലകൃഷ്ണൻ ക്ലാസിന് നേതൃത്വം നൽകി. ഏറനാട് താലൂക്ക് ലീഗൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിലാണ് ക്ലാസ് സംഘടിപ്പിച്ചത്. കൗൺസിലിംഗ് അധ്യാപിക ശ്രീമതി സുനു,സീനിയർ അസിസ്റ്റന്റ് അബൂബക്കർ സർ, ഹരിദാസൻ മാസ്റ്റർ, ഷീജ ടീച്ചർ, അബ്ദുൾഗഫൂർ സർ, സത്താർ മാസ്റ്റർ എന്നിവർ പ്രസ്തുത പരിപാടിയിൽ സന്നിഹിതരാവുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്തു.

കുട്ടികളുടെ അവകാശങ്ങൾ, അവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ ചർച്ച ചെയ്ത പ്രസ്തുത ക്ലാസ് വളരെ ശ്രദ്ധയോടെയാണ് കുട്ടികൾ ശ്രദ്ധിച്ചത്. ക്ലാസ് ഹൃദ്യവും വളരെ ഉപകാര പ്രദവും വിജ്ഞാനീയവുമായിരുന്നെന്ന് വിദ്യാർത്ഥികൾ വിലയിരുത്തി.

അവധി ദിനത്തിലെ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തെയും അധ്യാപകരുടെ അർപ്പണ മനോഭാവത്തെയും അതിഥികൾ പ്രത്യേകം എടുത്തു പറയുകയും സന്തോഷം രേഖപ്പെടുത്തുകയും ചെയ്തു.





# മിഡ് ടേം പരീക്ഷ

വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിന് സ്കൂൾ ഏറ്റെടുത്ത തനത് പ്രവർത്തനങ്ങളിൽ ഒന്നാണ് മിഡ് ടേം പരീക്ഷകൾ. വളരെ വ്യവസ്ഥാപിതമായും കൃത്യതയോടെയുമാണ് പരീക്ഷ നടത്തുന്നത്. First Mid Term Evaluation – തിയതി മുതൽ – തിയതി വരെ നടത്തി. പരീക്ഷ നടത്തിപ്പിന് ശ്രീ ഹരിദാസൻ മാസ്റ്റർ, ഷീജ ടീച്ചർ, അബ്ദു സലാം മാസ്റ്റർ, സജീവ് മാസ്റ്റർ, കരീമുള്ള സർ, അനൂപ് സർ എനിവർ നേതൃത്വം നൽകി.







# മനുഷ്യർ ഒന്ന് ലോകം ഒന്ന്

ലോകത്തൊരുപാട് രാജ്യങ്ങളില്ലേ

അവിടെയെല്ലാം മനുഷ്യരുണ്ട്

പല ഭാഷക്കാർ പല വേഷക്കാർ

അവരെ ഉയർന്നവരെന്നും


താഴ്ന്നവരെന്നും വേർതിരിക്കണോ?

വേണ്ട എല്ലാ മനുഷ്യരും തുല്യരാണ്

ജിജാസ്          ഒമ്പത് ബി

# ജാലിയൻവാലാബാഗും വെടിയുണ്ടയും

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ കറുത്ത അധ്യായമാണല്ലോ ജാലിയൻവാലാബാഗ് കൂട്ടക്കൊല.അന്ന് പട്ടാളം വെടിനിർത്താനുള്ള കാരണം സർക്കാർ ഉത്തരവോ ആൾക്കൂട്ടത്തിന്റെ ഇടപെടലോ അല്ല .ഇതിനുള്ള കാരണം കൂട്ടകൊലക്ക് നേതൃത്വം നൽകിയ ബിഗേഡിയർ റെജിനാൾഡ് ഹാരി ഡയറിന്റെ വാക്കുകളിൽ നിന്ന് തന്നെ കേട്ടോളൂ **"ഞാൻ വെടി നിർത്തിയത് വെടി യുണ്ട തീർന്നു പോയതിനാലാണ് ".**



# എഡിറ്റോറിയൽ ബോർഡ്



ബേബി സഫീന     എച് എം




**ഷീജ കെ.കെ**

**കൈറ്റ് മിസ്ട്രസ്**



**ഷഹർബാനു കൈറ്റ് മിസ്ട്രസ്**



**യൂനുസ്. കെ     മിസ്അബ് കെ.കെ     സാബിത്ത്     റാഷിദ്.പി പി**